24 (1753) സംസ്ഥാന വനിതാ ക്ഷേമ ബോർഡ് ചെയർമാന്റെ ശമ്പളവും അലവൻസും

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വനിതാ ക്ഷേമ ബോർഡിന്റെ ചെയർമാൻ ശമ്പളയിനത്തിൽ ഇതുവരെ എന്തുതുക പറ്റിയിട്ടുണ്ട്;

(ബി) ടി.എ., ഡി.എ. എന്നീയിനങ്ങളിൽ എന്തുതുക പറ്റിയിട്ടുണ്ട്;

(സി) ചികിത്സാ ചെലവുകൾക്കു വേണ്ടി എന്തുതുക പറ്റിയിട്ടുണ്ട്?

ഉത്തരം

(എ)-(സി) വനിതാ ക്ഷേമം ലക്ഷ്യമാക്കി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1. കേരള വനിതാ കമ്മീഷൻ
2. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ.
3. കേരള സംസ്ഥാന സാമൂഹ്യക്ഷേമ ഉപദേശക ബോർഡ്.

കേരള സംസ്ഥാന വനിതാ ക്ഷേമ ബോർഡ് എന്നൊരു സ്ഥാപനം ഈ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നില്ല.

25 (1754) ബാലവേല

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല നിലവിലുണ്ടോ;

(ബി) ഏതെല്ലാം വ്യവസായത്തിലാണ് ബാലവേല നിലവിലുള്ളത്?

ഉത്തരം

(എ) ബാലവേല സംബന്ധിച്ച നിലവിലുള്ള ചട്ടങ്ങൾ പ്രകാരം 14 വയസ്സിൽ താഴെയുള്ള കുട്ടികളെ അപകടകരമായ തൊഴിൽശാലകളിൽ പണിയെടുപ്പിക്കുന്നത് കുറ്റകരമാണ്. സംസ്ഥാനത്ത് അപകടകരമായ ബാലവേല ചെയ്യിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവരം ശേഖരിച്ചറിയിക്കുന്നതാണ്.

26 (1755) വികലാംഗർക്ക് വീടുവച്ച് നൽകുന്ന പദ്ധതി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സാമൂഹ്യക്ഷേമ വകുപ്പു മുഖേന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വികലാംഗർക്ക് സൗജന്യമായി വീടുവച്ച് നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഈ പദ്ധതിപ്രകാരം വീട് ലഭിക്കുന്നതിനുവേണ്ടി ചേർത്തല താലൂക്കിൽ മുഹമ്മ പഞ്ചായത്ത് 8-ാം വാർഡിൽ വെളിയിൽ വീട്ടിൽ ശ്രീ. കെ.സി. അശോകനും ഭാര്യ ശ്രീമതി പി.എൻ. ശ്യാമിനിയും ചേർന്ന് സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടി എന്തെന്ന് വിശദീകരിക്കുമോ;

(ഡി) ഇവർക്ക് എന്നത്തേക്ക് വീട് ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പു മുഖേന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വികലാംഗർക്ക് സൗജന്യമായി വീടുവച്ച് നൽകുന്ന പദ്ധതികളൊന്നും നിലവിലില്ല.

(ബി)-(ഡി) വിവരം ശേഖരിച്ചുവരിയിക്കുന്നതാണ്.

27 (1756) മന്ദബുദ്ധികളുടെ ക്ഷേമം

ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മന്ദബുദ്ധികളുടെ പുനരധിവാസത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ;

(ബി) മന്ദബുദ്ധികളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് ഏതൊക്കെ ഏജൻസികളാണ് പ്രവർത്തിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിൽ ഓരോ ഏജൻസിക്കും ഗ്രാന്റ് ഇനത്തിൽ 1997-98, 1998-99 വർഷത്തിൽ എന്തു തുക നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ഡി) ഇതിൽ ഓരോ വർഷവും ഓരോ ഏജൻസിക്കും എന്തു തുക ഗ്രാന്റ് നൽകിയെന്നും എന്തു തുക കുടിശ്ശികയുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ)&(ബി) മന്ദബുദ്ധികളുടെ പുനരധിവാസവും സംരക്ഷണവും ക്ഷേമവും ലക്ഷ്യമാക്കി താഴെപ്പറയുന്ന കാര്യങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി വരുന്നു.

1. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ സംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും ക്ഷേമത്തിനുമായി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ കോഴിക്കോട് ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ എന്ന സ്ഥാപനം പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly